# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്തെട്ട്

## ഏഴാമത്തെ കാഹളം

Tue വെളിപ്പാട് 11:14-18-ൽ ഏഴാമത്തെ കാഹളമുണ്ട്. ഏഴാമത്തെ കാഹളത്തെ കൂടാതെ, ദൈവത്തിന്റെ വ്യവസ്ഥയും അവന്റെ നീക്കവും പൂർത്തിയാക്കപ്പെടുവാൻ കഴിയുകയില്ല. എട്ടു മുതൽ പതിനൊന്നു വരെയുള്ള അധ്യായങ്ങൾ വായിക്കുമ്പോൾ ഏഴു കാഹളങ്ങൾ വാസ്തവത്തിൽ ശ്രേഷ്ഠമായ ഒരു കാര്യമാണെന്ന് നാം കാണുന്നു. ഏഴാമത്തെ കാഹളം ഊതുമ്പോൾ, നിരവധി കാര്യങ്ങൾ സംഭവിക്കും. ഈ കാഹളം ഒരു പ്രത്യേകസമയത്തേക്ക് ഊതുകയും, അത് ദൈവത്തിന്റെ നിത്യപദ്ധതി പ്രഖ്യാപിക്കുകയും, പരസ്യമാക്കുകയും, വിളംബരംചെയ്യുകയും ചെയ്തുകൊണ്ട് നിത്യതയോളം നീണ്ടുനിൽക്കുകയും ചെയ്യും. ആറു കാഹളങ്ങളിൽ ഓരോന്നിലും ഓരോ കാര്യം വീതം മാത്രം സംഭവിക്കും, എന്നാൽ ഏഴാമത്തെ കാഹളത്തിൽ നിരവധി കാര്യങ്ങൾ സംഭവിക്കും.

അവസാനത്തേത് എന്ന നിലയിൽ ഏഴാമത്തെ കാഹളം (1 കൊരി. 15:52) പ്രതിലോമവും അനുലോമവുമായ കാര്യങ്ങൾ ചേരുന്നതാണ്. പ്രതിലോമ കാര്യങ്ങൾ ഭൂമിയിൽ വസിക്കുന്നവർക്കുള്ള അവസാനത്തെ കഷ്ടമായ (8:13; 9:12; 11:14) അവസാനത്തെ ബാധകളും ഏഴു കലശങ്ങളുമടങ്ങുന്ന ദൈവത്തിന്റെ ക്രോധവും (15:1; 16:1-21), കർത്താവ് ഭൂമിയിലേക്കു മടങ്ങിവരുമ്പോൾ ഭൂമിയെ നശിപ്പിക്കുന്നവരുടെമേൽ സംഭവിക്കുന്ന നാശവും ആണ് (17:14; 18:1-2; 19:19—20:3). അനുലോമ കാര്യങ്ങൾ രാജ്യത്തിന്റെ പ്രത്യക്ഷതയായ ക്രിസ്തുവിന്റെ നിത്യരാജ്യവും (11:15, 17), വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിനുമുമ്പു സംഭവിക്കുന്ന മരിച്ചവരുടെ ന്യായവിധിയും (വാ. 18), വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിനും ഉൾപ്രാപണത്തിനുംശേഷം (1 കൊരി. 15:23, 52; 1 തെസ്സ. 4:16-17) ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ച് പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും, ക്രിസ്തുവിന്റെ തേജസ്സിന്റെ സിംഹാസനത്തിൽവച്ച് (മത്താ. 25:31-34) ദൈവത്തിന്റെ നാമത്തെ ഭയപ്പെടുന്നവർക്കും പ്രതിഫലം നല്കുന്നതും (2 കൊരി. 5:10) ആണ്. ഇക്കാരണത്താൽ, ഏഴാമത്തെ കാഹളത്തിൽ മഹോപദ്രവത്തിന്റെ

അവസാനംമുതൽ ഭാവികാല നിത്യതവരെയുള്ള സകല കാര്യങ്ങളും—ഏഴു കലശങ്ങളുടെ അവസാനത്തെ ബാധകളും (അധ്യായം 16), വിശുദ്ധന്മാരുടെ പുനരുത്ഥാനവും ഉൾപ്രാപണവും, വിശുദ്ധന്മാർക്ക് പ്രതിഫലം നല്കുന്നതും, ക്രിസ്തു ഭൂമിയിലേക്കു മടങ്ങിവരുന്നതും, മഹാബാബിലോണിന്റെ നാശവും (17:1—19:6), കുഞ്ഞാടിന്റെ വിവാഹവും (19:7-10), എതിർക്രിസ്തുവിന്റെയും, കള്ളപ്രവാചകന്റെയും, സാത്താന്റെയും, അവരുടെ അനുയായികളുടെയും നാശവും (19:11—20:3), സഹസ്രാബ്ദ രാജ്യവും (20:4-6), ഭൂമിയുടെയും സാത്താന്റെയുംമേലുള്ള അന്ത്യന്യായവിധിയും (20:7-10), മരിച്ചവരുടെ അന്ത്യന്യായവിധിയും (20:11-15), നിത്യതയോളം പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും (21:1-22:5)—അടങ്ങിയിരിക്കുന്നു.

## I. മഹോപദ്രവം അവസാനിക്കുന്നു

വെളിപ്പാട് 11:14 പറയുന്നു, "രണ്ടാമത്തെ കഷ്ടം നീങ്ങിപ്പോയി; ഇതാ, മൂന്നാമത്തെ കഷ്ടം വേഗം വരുന്നു." ദൈവക്രോധത്തിന്റെ ഏഴു കലശങ്ങൾ അടങ്ങിയിരിക്കുന്ന മൂന്നാമത്തെ കഷ്ടം (അധ്യായം 16) ഏഴാമത്തെ കാഹളത്തിന്റെ പ്രതിലോമ ഉള്ളടക്കങ്ങളുടെ ഒരു ഭാഗമാണ്. ഏഴാമത്തെ കാഹളം ഊതുന്നത് അവസാനത്തെ മൂന്നര വർഷത്തെ യെരൂശലേമിന്റെ നാശത്തെ സംബന്ധിച്ചുള്ള ദർശനത്തിനുശേഷം രേഖപ്പെടുത്തിയിരിക്കുന്നതിനാലും (11:2), ഏഴു കലശങ്ങൾ ദൈവക്രോധത്തിന്റെ പരിണതിയായ അവസാനത്തെ ബാധകളായിരിക്കും എന്നതിനാലും (15:1; 16:1), ഏഴാമത്തെ കാഹളത്തിന്റെ കഷ്ടം മഹോപദ്രവത്തിന്റെ അവസാനമായിരിക്കണം (മത്താ. 24:21).

## II. യുഗത്തിന്റെ സമാപ്തി

ഏഴാമത്തെ കാഹളം ഊതുന്ന സമയം മഹോപദ്രവം അവസാനിപ്പിക്കപ്പെടുമെന്നു മാത്രമല്ല, ഈ യുഗവും സമാപിക്കും. ദൈവത്തിന്റെ മർമം പൂർത്തിയാകുകയും (10:7), ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീരുകയും ചെയ്യും (11:15). പിന്നീട് മറ്റൊരു യുഗം, സഹസ്രാബ്ദം എന്ന രാജ്യയുഗം ആരംഭിക്കും.

## III. നിത്യതയോളം രാജ്യത്തെ കൊണ്ടുവരുന്നു

ഏഴാമത്തെ കാഹളം നിത്യതയോളം രാജ്യത്തെ കൊണ്ടുവരും. വാക്യം 15 പറയുന്നു, "പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം

സ്വർഗത്തിൽ ഉണ്ടായി." "അവൻ എന്നെന്നേക്കും വാഴും" എന്ന പ്രയോഗം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നിത്യതയോളമുള്ള കർത്താവിന്റെ വാഴ്ചയെ പരാമർശിക്കുന്നു (22:5). പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും ഉൾപ്പെടുന്നതാണ് ഏഴാമത്തെ കാഹളം എന്ന് ഇതു സൂചിപ്പിക്കുന്നു.

## IV. അതിൽ അടങ്ങിയിരിക്കുന്നത്:

### A. മൂന്നാമത്തെ കഷ്ടമായ ദൈവക്രോധത്തിന്റെ ഏഴു കലശങ്ങൾ

ഏഴാമത്തെ കാഹളത്തിൽ മൂന്നാമത്തെ കഷ്ടമായ ദൈവക്രോധത്തിന്റെ ഏഴു കലശങ്ങൾ ഉൾപ്പെട്ടിരിക്കും (11:14,18; 15:1, 7–8; 16:1–21). വാക്യം 18 പറയുന്നു, "രാഷ്ട്രങ്ങൾ കോപിച്ചു, നിന്റെ ക്രോധം വന്നു." ഇവിടെ "ക്രോധം" പതിനാറാം അധ്യായത്തിലെ ഏഴു കലശങ്ങളുടെ ക്രോധത്തെ പരാമർശിക്കുന്നു; അത് ഏഴാം കാഹളത്തിന്റെ പ്രതിലോമ ഉള്ളടക്കങ്ങളുടെ ഒരു ഭാഗമാണ്. അവസാനത്തെ കഷ്ടം ഏഴാം കാഹളത്തിന്റെ ഏഴു കലശങ്ങൾ അടങ്ങിയതാണ്. ഏഴു കലശങ്ങൾ ദൈവക്രോധത്തിന്റെ തീവ്രവൽക്കരണം ആയിരിക്കും. ഈ കലശങ്ങൾ ഒഴിക്കുന്നതോടുകൂടെ അവന്റെ ക്രോധം തീർന്നുപോകും. കലശങ്ങൾ ഒഴിക്കപ്പെടുന്നത് ഭൂമിയിലോ ആകാശത്തിലോ അല്ല, മനുഷ്യന്റെമേൽ, പ്രത്യേകിച്ചും എതിർക്രിസ്തുവിന്റെയും അവന്റെ രാജ്യത്തിന്റെയുംമേൽ, ആയിരിക്കും. അവസാനത്തെ കഷ്ടത്തിന്റെ സമയം, എതിർക്രിസ്തു ദൈവത്തിനെതിരായി പോരാടുകയും, അവനെതിരായി യുദ്ധം ചെയ്യേണ്ടതിന് ക്രിസ്തു അവന്റെ ജയാളികളായ സൈന്യത്തോടുകൂടെ ഭൂമിയിലേക്ക് ഇറങ്ങിവരുകയും ചെയ്യും. മൂന്നാമത്തെ കഷ്ടത്തിന്റെ ഏഴു കലശങ്ങൾ എതിർക്രിസ്തുവിനെയും അവന്റെ രാജ്യത്തെയും നിലംപരിശാക്കുവാൻ സ്വർഗത്തിൽനിന്നും ഇടുകയും ദൈവത്താൽ ഉപയോഗിക്കപ്പെടുന്നതുമായ ഏഴു ബോംബുകൾ പോലെയായിരിക്കും. ഒരുപക്ഷേ ഏഴു കലശങ്ങളും ഒരു ചെറിയ സമയത്തിനുള്ളിൽ ഒഴിക്കപ്പെടുമായിരിക്കും. ഈ ഏഴു കലശങ്ങൾ ഒഴിക്കുന്നതോടുകൂടെ, മഹോപദ്രവം അവസാനിക്കുകയും യുഗം സമാപിക്കുകയും ചെയ്യും.

### B. ക്രിസ്തുവിന്റെ നിത്യരാജത്വം

ഏഴാമത്തെ കാഹളത്തിൽ ക്രിസ്തുവിന്റെ നിത്യരാജത്വവും അടങ്ങിയിരിക്കുന്നു (11:15, 17). ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും

രാജത്വമായിത്തീരുമെന്നും അവൻ എന്നെന്നേക്കും വാഴുമെന്നും വാക്യം 15 പറയുന്നു. ജാതികളുടെമേലുള്ള അവന്റെ ന്യായവിധിക്കുശേഷം അവന്റെ മടങ്ങിവരവിൽ ലോകരാജത്വം ക്രിസ്തുവിന്റെ രാജത്വമായിത്തീരും (ദാനി. 7:13-14; 2:44-45). ഈ സമയം, "ഉള്ളവനും ഉണ്ടായിരുന്നവനുമായ സർവശക്തനായ ദൈവമായ കർത്താവേ, നിന്റെ മഹാശക്തി പ്രാപിച്ച് വാണിരിക്കുന്നതിനാൽ ഞങ്ങൾ നിനക്കു നന്ദി ചൊല്ലുന്നു" എന്നു പറഞ്ഞുകൊണ്ട് ഇരുപത്തിനാലു മൂപ്പന്മാർ കവിണ്ണുവീണ് ദൈവത്തെ ആരാധിക്കും (വാ. 17).

## C. മരിച്ചവരുടെ ന്യായവിധി

ഏഴാം കാഹളത്തിന്റെ കാലത്ത് ക്രിസ്തു മരിച്ചവരെ ന്യായംവിധിക്കും. വാക്യം 18 പറയുന്നു, "മരിച്ചവരെ ന്യായംവിധിപ്പാനുള്ള സമയം വന്നു." ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന മരിച്ചവരുടെ ന്യായവിധി വെള്ള സിംഹാസനത്തിലെ ന്യായവിധിയെയല്ല പരാമർശിക്കുന്നത്. "മരിച്ചവരെ ന്യായംവിധിക്കുന്നത്" "നിന്റെ അടിമകൾക്ക് പ്രതിഫലം നൽകുന്നതിന്" മുമ്പു പറഞ്ഞിരിക്കുന്നതിനാൽ അത് സഹസ്രാബ്ദത്തിനുശേഷമുള്ള വെള്ള സിംഹാസനത്തിലുള്ള ന്യായവിധിയെ പരാമർശിക്കുവാൻ കഴിയുകയില്ല (20:11-15). സഹസ്രാബ്ദത്തിനുമുമ്പുള്ള ജീവന്റെ പുനരുത്ഥാനത്തിൽ ആർ പങ്കാളികൾ ആകണമെന്നതിനെയും സഹസ്രാബ്ദത്തിനു ശേഷമുള്ള ശിക്ഷാവിധിയുടെ പുനരുത്ഥാനത്തിന് ആർ ശേഷിക്കണം എന്നതിനെയും സംബന്ധിച്ച് ഈ യുഗത്തിന്റെ അന്ത്യത്തിൽ, സഹസ്രാബ്ദത്തിനുമുമ്പ്, യോഹന്നാൻ 5:27-29 അനുസരിച്ച്, മരിച്ചവർ ന്യായംവിധിക്കപ്പെടും എന്ന് ഇത് അർഥമാക്കുന്നു. ക്രിസ്തു വിശുദ്ധന്മാരെ ഉയിർപ്പിക്കുന്നതിനുമുമ്പ്, അവൻ ആദ്യമായി ജീവന്റെ ഒന്നാം പുനരുത്ഥാനത്തെയും ശിക്ഷാവിധിയുടെ രണ്ടാം പുനരുത്ഥാനത്തെയും സംബന്ധിച്ച് മരിച്ചവരുടെ ഇടയിൽ ഒരു ന്യായവിധി നടത്തും. അവൻ ഈ തീരുമാനം എടുത്തതിനുശേഷം, വിശുദ്ധന്മാരുടെ പുനരുത്ഥാനം സംഭവിക്കും.

വിശുദ്ധന്മാർ ഉയിർപ്പിക്കപ്പെട്ടുകഴിഞ്ഞാൽ അവർ എടുക്കപ്പെടും. മരിച്ചുപോയ വിശുദ്ധന്മാർ താഴേക്കു വരുമെന്നല്ല, ഉയിർത്തെഴുന്നേൽക്കുമെന്ന് 1 തെസ്സലൊനീക്യർ 4 സൂചിപ്പിക്കുന്നു. മരിച്ചുപോയ വിശുദ്ധന്മാർ സ്വർഗത്തിലാണെന്നും കർത്താവായ യേശു വരുമ്പോൾ അവർ അവനോടുകൂടെ വരുമെന്നുമുള്ള തെറ്റായ ധാരണ അനേകം ക്രിസ്ത്യാനികൾ വച്ചുപുലർത്തുന്നു. നിങ്ങളുടെ വേദപുസ്തകം ഒരിക്കൽകൂടെ വായിക്കുക. വിശുദ്ധന്മാർ ഇറങ്ങിവരികയില്ല: അവർ ഉയിർത്തെഴുന്നേൽക്കുകയും, ജീവനോടിരിക്കുന്നവരോടുകൂടെ ആകാശത്തിൽ കർത്താവിനെ

എതിരേൽക്കുവാൻ എടുക്കപ്പെടുകയും ചെയ്യും. മരിച്ചുപോയ വിശുദ്ധന്മാർ ഇപ്പോൾ സ്വർഗത്തിലാണെന്നു പറയുന്നത് വചനാടിസ്ഥാനമല്ല.

## D. പ്രതിഫലം നല്കുന്നു

### *1. പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും*

"നിന്റെ അടിമകളായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും, ചെറിയവരും വലിയവരുമായ നിന്റെ നാമം ഭയപ്പെടുന്നവർക്കും പ്രതിഫലം നൽകുവാൻ" എന്നും വാക്യം 18 പറയുന്നു. തന്റെ മടങ്ങിവരവിൽ തന്റെ വിശ്വസ്തരായവർക്ക് കർത്താവ് പ്രതിഫലം നല്കും (22:12; മത്താ. 16:27). പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ന്യായവിധി ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ചു നടക്കും (2 കൊരി. 5:10). രക്ഷിക്കപ്പെട്ടവരുടെ ഇടയിൽ ആരെല്ലാമാണ് പ്രതിഫലത്തിനു യോഗ്യരെന്നും, ആർക്കെല്ലാമാണ് ഇനിയും ശിക്ഷണം ആവശ്യമെന്നും തീരുമാനിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും പ്രതിഫലം നല്കുന്നത് വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിനും ഉൾപ്രാപണത്തിനും ശേഷമായിരിക്കും സംഭവിക്കുന്നത് (1 കൊരി. 15:23, 52; 1 തെസ്സ. 4:16-17).

വെളിപ്പാട് 11-ലെ ഏഴാം കാഹളം 1 കൊരിന്ത്യർ 15-ലെ അന്ത്യകാഹളമാണ്. അന്ത്യകാഹളത്തിങ്കൽ മരിച്ചുപോയ വിശുദ്ധന്മാർ ഉയിർപ്പിക്കപ്പെട്ട്, ജീവനോടിരിക്കുന്നവരോടുകൂടെ ആകാശത്തിലേക്ക് എടുക്കപ്പെടും. ഉപദ്രവത്തിനു മുമ്പ് വിശുദ്ധന്മാരിൽ ഭൂരിഭാഗത്തിന്റെയും ഉൾപ്രാപണം സംഭവിക്കുമെന്നു പറയുന്നത് വചനാടിസ്ഥാനമല്ല. ഉപദ്രവത്തിനുമുമ്പ് ക്രിസ്തു പരസ്യമായി വരുമെന്ന് എങ്ങനെ പറയുവാൻ കഴിയും? ഇതിനെക്കുറിച്ച് വേദപുസ്തകം വളരെ സൂക്ഷ്മമാണ്. ജീവനോടിരിക്കുന്ന വിശുദ്ധന്മാർ മരിച്ചുപോയവർക്ക് മുമ്പാകയില്ലെന്നും, അന്ത്യകാഹളനാദത്തിങ്കൽ മരിച്ചുപോയ വിശുദ്ധന്മാർ ഉയിർപ്പിക്കപ്പെടുമെന്നും പൗലൊസ് പറയുന്നു. അന്ത്യകാഹളം ഏഴാമത്തെ കാഹളമാണെന്ന് നാം എല്ലാവരും സമ്മതിച്ചേ മതിയാകൂ. ഏഴാമത്തെ കാഹളത്തിനുശേഷം മറ്റു കാഹളങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. ഏഴാമത്തെ കാഹളത്തിനുമുമ്പ് മഹോപദ്രവത്തിന്റെ മുഖ്യഭാഗങ്ങളായ അഞ്ചാമത്തെയും ആറാമത്തെയും കാഹളങ്ങൾ ഉണ്ട്. മഹോപദ്രവത്തിന്റെ അവസാനമായ ഏഴാമത്തെ കാഹളം ഊതുമ്പോൾ നിരവധി വിശുദ്ധന്മാർ എടുക്കപ്പെടുമെന്നതിനാൽ, ഉപദ്രവത്തിനുമുമ്പ് വിശുദ്ധന്മാരിൽ ഭൂരിഭാഗവും എടുക്കപ്പെടുമെന്ന് എങ്ങനെ പറയുവാൻ കഴിയും?

ഇന്നത്തെ പരമ്പരാഗതമായ പഠിപ്പിക്കലുകളെ പിന്തുടരരുത്; അവ ആഴമില്ലാത്തതും കൃത്യമല്ലാത്തതും ആണ്. നാം വേദപുസ്തകത്തിന്റെ കൃത്യമായ വചനത്തെ എടുക്കണം. ഏഴാമത്തെ കാഹളത്തിന്റെ സമയത്ത് മരിച്ചുപോയ വിശുദ്ധന്മാർ ഉയിർപ്പിക്കപ്പെടുകയും ജീവനോടിരിക്കുന്ന വിശുദ്ധന്മാർ അവരോടൊപ്പം ആകാശത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും. അങ്ങനെ, ആ സമയത്തുപോലും, ക്രിസ്തു വന്നിട്ടുണ്ടാവുകയില്ല. ഏഴാമത്തെ കാഹളം ഊതുന്നതിന്റെ ആരംഭത്തിൽ അവൻ അപ്പോഴും ആകാശത്തിലായിരിക്കും. ഈ ഉൾപ്രാപണത്തിനുശേഷം ആർ പ്രതിഫലം പ്രാപിക്കുകയും അവന്റെ ജയിക്കുന്ന സൈന്യത്തിന്റെ ഭാഗമാകുകയും ചെയ്യുമെന്നും, ആർക്ക് തുടർന്നുള്ള ശിക്ഷണവും ശിക്ഷയും ആവശ്യമായിരിക്കുമെന്നും തീരുമാനിക്കുവാൻ ക്രിസ്തു തന്റെ ന്യായാസനം സ്ഥാപിക്കും.

## *2. ദൈവഭയമുള്ള ജനത്തിന്*

ദൈവഭയമുള്ള ജനത്തിനും ക്രിസ്തു പ്രതിഫലം നല്കും. "നിന്റെ നാമം ഭയപ്പെടുന്നവർക്കും" പ്രതിഫലം നല്കുമെന്ന് വെളിപ്പാട് 11:18 പ്രത്യേകം പറയുന്നു. ദൈവഭയമുള്ള ഈ ജനം ദൈവത്തെ ഭയപ്പെടുന്നതിനും, അവനെ ആരാധിക്കുന്നതിനും, മൃഗത്തെയോ അവന്റെ പ്രതിമയെയോ ആരാധിക്കാതിരിക്കുന്നതിനുമായി നിത്യസുവിശേഷത്തിന് ചെവികൊടുക്കുന്നവരും (14:6-7), ആവശ്യത്തിലിരിക്കുന്ന കർത്താവിന്റെ ജനത്തെ കരുതുന്നവരും ആണ് (മത്താ. 25:33-40). പിന്നീട്, ക്രിസ്തു ഭൂമിയിലേക്കു വരുകയും, അവന്റെ രാജ്യത്തിന്റെ കേന്ദ്രമായ യെരൂശലേമിൽ തന്റെ തേജസ്സിന്റെ സിംഹാസനം സ്ഥാപിക്കുകയും ചെയ്തശേഷം, ജീവനോടെ ശേഷിക്കുന്ന അവിശ്വാസികളായ ജാതികളെയെല്ലാം അവൻ ന്യായംവിധിക്കും. ജീവനുള്ളവരെയും മരിച്ചവരെയും ന്യായംവിധിക്കുവാൻ ക്രിസ്തു നിയമിക്കപ്പെട്ടിരിക്കുന്നുവെന്ന് പുതിയനിയമം പറയുന്നു (പ്രവൃ. 10:42; 2 തിമൊ. 4:1). ജീവനുള്ളവരെ എപ്പോഴായിരിക്കും അവൻ ന്യായംവിധിക്കുന്നത്? അത് അവൻ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ പോരാടുകയും എതിർക്രിസ്തുവിനെയും, കള്ളപ്രവാചകനെയും, അവരുടെ അനുയായികളെയും നശിപ്പിക്കുകയും ചെയ്തതിനുശേഷമായിരിക്കും (വെളി. 19:11-21). ആ സമയം, വലിയോരു സംഖ്യ അവിശ്വാസികൾ അപ്പോഴും ഭൂമിയിൽ ജീവിക്കുന്നുണ്ടായിരിക്കും. മത്തായി 25:31-46 അനുസരിച്ച്, സകല ജാതികളെയും ക്രിസ്തു യെരൂശലേമിലെ അവന്റെ സിംഹാസനത്തിലേക്ക് കൂട്ടിവരുത്തുകയും അവരെ ന്യായംവിധിക്കുകയും ചെയ്യും.

ഈ ന്യായവിധി ആരാണ് പരമാർത്ഥരെന്നും ആരാണ് വ്യാജരെന്നും തീരുമാനിക്കുവാൻ ക്രിസ്ത്യാനികളുടെമേൽ

പ്രയോഗിക്കപ്പെടുന്ന ന്യായവിധിയെ പരാമർശിക്കുന്നുവെന്ന് അനേകർ ചിന്തിക്കുന്നു. എന്നാൽ മത്തായി 25:31-32 എന്തു പറയുന്നുവെന്നു നോക്കുക, "എന്നാൽ മനുഷ്യപുത്രൻ തന്റെ തേജസ്സിൽ തന്നോടൊപ്പം സകല ദൂതന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കുകയും സകല ജാതികളും അവന്റെ മുമ്പാകെ കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യും." പുതിയനിയമത്തിൽ രാഷ്ട്രങ്ങൾ എന്ന പദം ജാതികളെ പരാമർശിക്കുന്നു. മത്തായി 25:32 പറയുന്നു, "ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്ന് വേർതിരിക്കുന്നതുപോലെ, അവൻ അവരെ ഒരുവനെ മറ്റൊരുവനിൽനിന്ന് വേർതിരിക്കും." ഈ ന്യായവിധി ന്യായപ്രമാണപ്രകാരമോ കൃപയുടെ സുവിശേഷപ്രകാരമോ അല്ലായിരിക്കും; ഇത് വെളിപ്പാട് 14:6-7-ലെ ദൂതൻ പ്രസംഗിച്ച നിത്യസുവിശേഷത്തിന് അനുസൃതമായിരിക്കും. മൂന്നര വർഷം എതിർക്രിസ്തു തന്റെ പ്രതിമയെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും, പ്രതിമയെ ആരാധിക്കാതെ ദൈവത്തെ ഭയപ്പെടുവാനും ദൈവത്തെ ആരാധിക്കുവാനും ഭൂമിയിലുള്ള ജനത്തോടു പറഞ്ഞുകൊണ്ട് മധ്യാകാശത്തിൽ ഒരു ദൂതൻ നിത്യസുവിശേഷം പ്രഘോഷിക്കുകയും ചെയ്യും. ഭൂവാസികളിൽ ചിലർ ഈ നിത്യസുവിശേഷത്തിനു ചെവികൊടുക്കുകയും അവർ ദൈവത്തെ ഭയപ്പെടുകയും അവനെ ആരാധിക്കുകയും, മൃഗത്തിന്റെ പ്രതിമയെ ആരാധിക്കാതെ എതിർക്രിസ്തുവിന്റെ പീഡനത്തിൻകീഴിൽ കഷ്ടംസഹിക്കുകയും ആവശ്യത്തിലിരിക്കുകയും ചെയ്യുന്ന യെഹൂദന്മാരെയും ക്രിസ്ത്യാനികളെയും കരുതുകയും ചെയ്യും. അതുകൊണ്ട്, മത്തായി 25:34-36-ൽ രാജാവ് "തന്റെ വലതുഭാഗത്തുള്ളവരോട്, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമാക്കിക്കൊള്ളുവിൻ എന്നു പറയും. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ നൽകി; എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കുവാൻ നൽകി; ഞാൻ അപരിചിതൻ ആയിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു; ഞാൻ തടവിലായിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു." ഞങ്ങൾ എപ്പോൾ ഇതൊക്കെയും നിനക്കു ചെയ്തു എന്ന് ഈ നീതിമാന്മാർ കർത്താവിനോടു ചോദിക്കുമ്പോൾ അവൻ പറയും, "എന്റെ സഹോദരന്മാരിൽ ഏറ്റവും ചെറിയവരായ, ഇവരിൽ ഒരുവനോടു നിങ്ങൾ ചെയ്തേടത്തോളം, അതു നിങ്ങൾ എന്നോടു ചെയ്തിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 25:40). ഈ "ചെമ്മരിയാടുകൾ" സഹസ്രാബ്ദകാലത്ത്

ജാതികളായിത്തീരേണ്ടതിന് രാജ്യത്തിലേക്ക് സ്ഥലംമാറ്റം ചെയ്യപ്പെടും (2:26; 12:5). ഈ ആയിരം വർഷക്കാലം ജയാളികളായ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സഹരാജാക്കന്മാരായിരിക്കുകയും, രക്ഷിക്കപ്പെട്ട യെഹൂദന്മാർ പുരോഹിതന്മാരായിരിക്കുകയും, ഈ നീതിമാന്മാർ ജയാളികളാൽ ഭരിക്കപ്പെടുന്ന ജനമായിരിക്കുകയും ചെയ്യും. എതിർക്രിസ്തുവിനെ പിൻപറ്റുകയും നിത്യസുവിശേഷത്തിന് ചെവികൊടുക്കാത്തവരുമായ ദുഷ്ടന്മാരായ "കോലാടുകൾ" "പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന" തീപ്പൊയ്കയിലേക്ക് എറിയപ്പെടും (മത്താ. 25:41). ഇത് സർവഭൂമിയും ക്രിസ്തുവിന്റെ രാജ്യമായിത്തീർന്നശേഷം സംഭവിക്കുന്ന ഏഴാമത്തെ കാഹളത്തിന്റെ സമയത്തു സംഭവിക്കും.

## E. ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുന്നു

ഏഴാമത്തെ കാഹളത്തിൽ ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുന്നതും ഉൾപ്പെടുന്നു. ക്രിസ്തു "ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കും" എന്ന് വാക്യം 18 പറയുന്നു. ഭൂമിയെ നശിപ്പിക്കുന്നവരിൽ മഹാബാബിലോണും (17:2; 18:3), എതിർക്രിസ്തുവും (13:3), കള്ളപ്രവാചകനും (13:14), സാത്താനും (20:7-9), അവരെ അനുഗമിക്കുന്ന ജനവും (17:12-24; 19:19; 20:8-9) ഉൾപ്പെടുന്നു. ഇവരെയെല്ലാം ഏഴാമത്തെ കാഹളത്തിന്റെ സമയത്തു നശിപ്പിക്കും.

മഹാബാബിലോൺ, അഥവാ റോമൻ കത്തോലിക്കാസഭ എന്ന കള്ള മതത്തെയും ഭൂമിയെ നശിപ്പിക്കുന്നവളായി കണക്കാക്കണം. "അവളുമായി ഭൂമിയിലെ രാജാക്കന്മാർ പരസംഗം ചെയ്യുകയും, അവളുടെ പരസംഗത്തിന്റെ വീഞ്ഞിനാൽ ഭൂമിയിൽ വസിക്കുന്നവർ മത്തരാകുകയും ചെയ്തു" എന്ന് വെളിപ്പാട് 17:2 പറയുന്നു. അവൾ ഭൂമിയെ നശിപ്പിക്കുന്നവളായതിനാലും, അവളാൽ ഭൂമി മലിനമാക്കപ്പെട്ടതിനാലും കർത്താവ് അവളെ നശിപ്പിക്കും.

മഹാബാബിലോണിനെ നശിപ്പിച്ചതിനുശേഷം കർത്താവ് എതിർക്രിസ്തുവിനെയും, കള്ളപ്രവാചകനെയും, അവരുടെ അനുയായികളെയും ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ നശിപ്പിക്കും. എതിർക്രിസ്തുവും കള്ളപ്രവാചകനും തീപ്പൊയ്കയിലേക്ക് എറിയപ്പെടുകയും, സാത്താൻ നശിപ്പിക്കപ്പെടുകയും ചെയ്യും. വാസ്തവത്തിൽ, സാത്താനോട് കർത്താവു രണ്ടു പ്രാവശ്യം ഇടപെടും—ഒന്നാമത് സഹസ്രാബ്ദത്തിനുമുമ്പ് അവനെ ബന്ധിച്ച് അഗാധകൂപത്തിലേക്ക് എറിയുന്നതിലൂടെയും, രണ്ടാമത് സഹസ്രാബ്ദത്തിനുശേഷം അവനെ തീപ്പൊയ്കയിലേക്ക് എറിയുന്നതിലൂടെയും. തീപ്പൊയ്കയിലേക്ക് എറിയപ്പെടുന്നവരിൽ ഒന്നാമൻ എതിർക്രിസ്തുവായിരിക്കും. എതിർക്രിസ്തുവും, കള്ളപ്രവാചകനും, മത്തായി 25-ലെ "കോലാടുകളുടെ" ഒരു

ഭാഗമായിരിക്കുന്ന അവരുടെ അനുയായികളും, സാത്താനുമുമ്പേ തീപ്പൊയ്കയിലേക്ക് എറിയപ്പെടും (വെളി. 19:20; മത്താ. 25:41); അവർ ആയിരം വർഷത്തേക്ക് അഗാധകൂപത്തിൽ അടയ്ക്കപ്പെടുകയും അവസാനം തീപ്പൊയ്കയിലേക്ക് എറിയപ്പെടുകയും ചെയ്യും. സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ രക്ഷിക്കപ്പെടാതെ മരിച്ചുപോയ എല്ലാവരെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയും (20:15). ആ സമയം, പ്രപഞ്ചത്തിലെ സകല പ്രതിലോമകാര്യങ്ങളെയും നീക്കിക്കളഞ്ഞിട്ടുണ്ടായിരിക്കും.

## V. ഏഴാമത്തെ കാഹളം ഊതിയതിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യം

നമുക്ക് പ്രവചനം മനസ്സിലാകണമെങ്കിൽ, ഏഴാം മുദ്രയുടെ മുഴുവൻ ഉള്ളടക്കവും സുപരിചിതമായിരിക്കണം. ഇതാണ് ഈ പുസ്തകത്തിലെ പ്രവചനത്തെ അറിയുന്നതിനുള്ള രഹസ്യം. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, ഏഴാമത്തെ കാഹളം ഏഴു കലശങ്ങൾ മാത്രം അടങ്ങുന്നതാണെന്നും ഏഴു കാഹളങ്ങൾ ഏഴാമത്തെ മുദ്രയുടെ നിസ്തുലമായ ഉള്ളടക്കമായിരുന്നുവെന്നും ചിന്തിച്ചിരുന്നു. ആ ധാരണയെ പിടിച്ചുകൊണ്ട്, മുഴുവൻ വെളിപ്പാടുപുസ്തകത്തെയും ഗ്രഹിക്കുവാൻ പ്രയാസമാണെന്ന് ഞാൻ കണ്ടെത്തി. എങ്കിലും, ചില വർഷങ്ങൾക്കുശേഷം, ഏഴു കാഹളങ്ങൾ ഏഴാമത്തെ മുദ്രയുടെ നിസ്തുലമായ ഉള്ളടക്കമാണെങ്കിലും ഏഴു കലശങ്ങൾ ഏഴാമത്തെ കാഹളത്തിന്റെ ഉള്ളടക്കത്തിന്റെ ഒരു ഭാഗം മാത്രമാണെന്ന് ഞാൻ കണ്ടു. ഏഴാമത്തെ കാഹളത്തിൽ കേവലം ഏഴു കലശങ്ങളെക്കാൾ വളരെയധികം കാര്യങ്ങൾ ഉൾപ്പെടുന്നു. ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഏഴാമത്തെ കാഹളത്തിൽ പ്രതിലോമവും അനുലോമവുമായ കാര്യങ്ങൾ ഉൾപ്പെടുന്നു.

വാക്യം 19 ഏഴാമത്തെ കാഹളം ഊതിയതിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യത്തെ വെളിവാക്കുന്നു. ഈ വാക്യം പറയുന്നു, "സ്വർഗത്തിലുള്ള ദൈവാലയം തുറക്കപ്പെടുകയും, അവന്റെ ആലയത്തിൽ തന്റെ ഉടമ്പടിയുടെ പെട്ടകം കാണപ്പെടുകയും ചെയ്തു; മിന്നലും നാദവും ഇടിമുഴക്കവും ഒരു ഭൂകമ്പവും വലിയ കൽമഴയും ഉണ്ടായി." ഈ പുസ്തകത്തിൽ നാലു ഭൂകമ്പങ്ങൾ മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. ഒന്നാമത്തേത് (6:12) ആറാമത്തെ മുദ്രയിലും, രണ്ടാമത്തേത് (8:5) ഏഴു കാഹളങ്ങൾക്കുമുമ്പും, മൂന്നാമത്തേത് (11:13) ആറാമത്തെയും ഏഴാമത്തെയും കാഹളങ്ങൾക്കിടയിലും, നാലാമത്തേത് (വാ. 19) ഇവിടെ ഏഴാമത്തെ കാഹളത്തിലും ഏഴാമത്തെ കലശത്തിലും (16:18-20) ആകുന്നു; അത് ഏഴാമത്തെ കാഹളത്തിന്റെ പ്രതിലോമ ഉള്ളടക്കത്തിന്റെ അവസാനത്തെ സൂചിപ്പിക്കുന്നു.

15:5-നാൽ തുടരുന്ന ഈ വാക്യത്തിൽ, ദൈവാലയം തുറക്കപ്പെട്ടതായി നാം കാണുന്നു. 4:2-3-ലുള്ള മഴവില്ലോടുകൂടിയ സിംഹാസനം പ്രതിലോമവശത്ത് ആറു മുതൽ പതിനൊന്നുവരെയുള്ള അധ്യായങ്ങളിൽ ഭൂമിയുടെമേൽ നടപ്പാക്കിയ സകല ന്യായവിധികളുടെയും കേന്ദ്രമാണ്; എന്നാൽ പെട്ടകത്തോടുകൂടിയ ആലയം അനുലോമവശത്ത് പന്ത്രണ്ടുമുതൽ ഇരുപത്തിരണ്ടുവരെയുള്ള അധ്യായങ്ങളിൽ പ്രപഞ്ചത്തിൽ നിർവഹിക്കപ്പെട്ട ദൈവത്തിന്റെ സകല നേട്ടങ്ങളുടെയും കേന്ദ്രമാണ്. ഒന്നാമത്തെ ഭാഗത്തിന്റെ കേന്ദ്രമായ മഴവില്ലോടുകൂടിയ സിംഹാസനം ദൈവത്തിന്റെ ന്യായവിധിക്കുവേണ്ടിയാണ്. രണ്ടാമത്തെ ഭാഗത്തിന്റെ കേന്ദ്രമായ പെട്ടകത്തോടുകൂടിയ ആലയം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണ്. ഒന്നാമത്, പ്രതിലോമവശത്ത്, നമുക്ക് ദൈവത്തിന്റെ ന്യായവിധിയും, രണ്ടാമത്, അനുലോമവശത്ത്, നമുക്ക് ദൈവത്തിന്റെ കെട്ടിടവും ഉണ്ട്. ദൈവത്തിന്റെ ന്യായവിധിക്കുവേണ്ടി മഴവില്ലോടുകൂടിയ സിംഹാസനമാണ് കേന്ദ്രം, ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി അവന്റെ പെട്ടകത്തോടുകൂടിയ ആലയമാണ് കേന്ദ്രം.

പുസ്തകത്തിന്റെ ആദ്യത്തെ ഭാഗത്ത് ദൈവത്തിന്റെ ന്യായവിധി പൂർണമായി നിറവേറപ്പെട്ടു. രണ്ടാമത്തെ ഭാഗത്തിന്റെ മുഖ്യചിന്ത ദൈവത്തിന്റെ കെട്ടിടമാണ്. ആരായിരിക്കും ആലയം? ദൈവത്തിന്റെ ജനം, മുഖ്യമായും സഭ. ആരാണ് പെട്ടകം? ക്രിസ്തു. അതുകൊണ്ട്, നിത്യതയിലുള്ള ദൈവത്തിന്റെ കെട്ടിടത്തിന്റെ കേന്ദ്രം ക്രിസ്തുവും സഭയും ആയിരിക്കും. നാം മഴവില്ലോടുകൂടിയ സിംഹാസനത്തിൻകീഴിലല്ല—നാം ദൈവത്തോടുകൂടെ ആലയത്തിലാണ്. നാം ദൈവത്തിന്റെ ന്യായവിധിയിൻകീഴിലല്ല—നാം ദൈവത്തിന്റെ കെട്ടിടത്തിലാണ്. എതിർക്രിസ്തുവും അവിശ്വാസികളും എല്ലാം മഴവില്ലോടുകൂടിയ സിംഹാസനത്തിൻ കീഴിലായിരിക്കും; എന്നാൽ നാം ഇവിടെ പെട്ടകത്തോടുകൂടിയ ആലയത്തിൽ, ക്രിസ്തുവിനോടുകൂടെ ദൈവത്തിന്റെ കെട്ടിടത്തിൽ ആണ്.

എത്ര വലിയ വെളിച്ചമാണ് കർത്താവു നമുക്കു കാണിച്ചുതന്നിരിക്കുന്നത്! ആദ്യത്തെ ഭാഗത്തിലുള്ള ഏഴു കാഹളങ്ങൾ ഊതിയതിനുശേഷം എല്ലാ മർമങ്ങളും കഴിഞ്ഞിരിക്കുകയും, എല്ലാ ന്യായവിധികളും നിടപ്പാക്കിക്കഴിയുകയും, ദൈവഭരണത്തിന്റെ സകല വ്യവഹാരവും പൂർത്തീകരിക്കുകയും ചെയ്യും. ഒരേ ഒരു കാര്യം മാത്രം തുടർന്നുകൊണ്ടേയിരിക്കും—ദൈവത്തിന്റെ കെട്ടിടം. ഇതുനിമിത്തം, സ്വർഗത്തിലെ വീക്ഷണം, ദൃശ്യം, കാഴ്ച മഴവില്ലോടുകൂടിയ സിംഹാസനത്തിൽനിന്നും പെട്ടകത്തോടുകൂടിയ ആലയത്തിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. ഇന്ന് നിങ്ങൾ എന്താണ് കാണുന്നത്—മഴവില്ലോടുകൂടിയ സിംഹാസനമോ, അതോ പെട്ടകത്തോടുകൂടിയ ആലയമോ? നാം പെട്ടകത്തോടുകൂടിയ

ആലയം കാണുന്നു. നാം ക്രിസ്തുവിനെയും സഭയെയും കാണുന്നു. ഈ ദർശനം നാം വിശുദ്ധരോ ആത്മികരോ ആയിരിക്കുവാൻ വേണ്ടിയല്ല; മറിച്ച്, നാം പണിയപ്പെടുന്നതിനു വേണ്ടിയാണ്. നാം എല്ലാവരും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി പെട്ടകത്തോടുകൂടിയ ആലയത്തെ കാണണം.

സ്വർഗത്തിലെ ദൈവാലയം തുറക്കുകയും അവന്റെ ആലയത്തിൽ അവന്റെ ഉടമ്പടിയുടെ പെട്ടകം കാണുകയും ചെയ്യുപ്പോൾ, അവിടെ മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കൽമഴയും ഉണ്ടായി (വാ. 19). ഏഴാമത്തെ കലശം ഒഴിച്ചുകഴിഞ്ഞാൽ സംഭവിക്കുന്നതും ഇതുതന്നെയാണ് (16:17-21). മിന്നലും നാദവും ഇടിമുഴക്കവും അവന്റെ ന്യായവിധിയിലുള്ള ദൈവക്രോധത്തിന്റെ ഗാംഭീര്യ പ്രഖ്യാപനങ്ങളാണ്. ഭൂകമ്പവും കൽമഴയും യഥാർഥ ന്യായവിധിയാണ്. ചരിത്രത്തിലെതന്നെ ഏറ്റവും വലിയ ആ ഭൂകമ്പത്താൽ, ഭൗമിക യെരൂശലേമും മഹാബാബിലോണായ റോമും ഉൾപ്പെടെയുള്ള പട്ടണങ്ങൾ കുലുങ്ങുകയും വീണുപോകുകയും ചെയ്യും (16:19). വലിയ കൽമഴയാൽ, മനുഷ്യർ ഏറ്റവും വലിയ ബാധനിമിത്തം കഷ്ടം അനുഭവിക്കും (16:21). ഇതായിരിക്കും മഹോപദ്രവത്തിന്റെ അവസാനം.

വെളിപ്പാട് പുസ്തകം രണ്ടു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഒന്നുമുതൽ പതിനൊന്നുവരെ അധ്യായങ്ങളുള്ള ഒന്നാമത്തെ ഭാഗം കാര്യങ്ങളുടെ ഒരു സംക്ഷിപ്ത രേഖാചിത്രം, അഥവാ, പൊതുവായ ഒരു വീക്ഷണം നമുക്കു നല്കുന്നു. ഇത് വെറുമൊരു രേഖാചിത്രമായതിനാൽ ഇതിൽ വിശദീകരണങ്ങൾ അടങ്ങിയിരിക്കുന്നില്ല. അതുകൊണ്ട്, പന്ത്രണ്ടുമുതൽ ഇരുപത്തിരണ്ടുവരെ അധ്യായങ്ങളുള്ള തുടർന്നുള്ള ഭാഗം ഒന്നാമത്തെ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന മുഖ്യ കാര്യങ്ങളുടെ വിശദാംശങ്ങൾ നമുക്കു നല്കുന്നു. ഓരോ അധ്യായത്തിലും ചില വിശദാംശങ്ങൾ അടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന്, ഇരുപത്തൊന്നും ഇരുപത്തിരണ്ടും അധ്യായങ്ങളില്ലാതെ, 3:12-ൽ പറഞ്ഞിരിക്കുന്ന പുതിയ യെരൂശലേമിന്റെ വിശദാംശങ്ങൾ നാം ഒരിക്കലും അറിയുകയില്ല. വെളിപ്പാട് പുസ്തകത്തിലെ രണ്ടു ഭാഗങ്ങൾ ഉല്പത്തിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും അധ്യായങ്ങളോട് ഒത്തിരിക്കുന്നു. ഉല്പത്തി ഒന്നാം അധ്യായം ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ, പ്രത്യേകിച്ചും മനുഷ്യനെ സൃഷ്ടിച്ചതിന്റെ, പൊതുവായ ഒരു വിവരണം നല്കുന്നു. ഉല്പത്തി 2 ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനെ സംബന്ധിച്ച വിശദാംശങ്ങൾ നല്കുന്നു. ഉല്പത്തി 1-ലെ പൊതുവായ ചിത്രത്തെ അനുബന്ധിപ്പിക്കുന്നതിന് നമുക്ക് ഉല്പത്തി 2 ആവശ്യമായിരിക്കുന്നതുപോലെ, വെളിപ്പാടിലെ ഒന്നാമത്തെ ഭാഗത്ത് പൊതുവായ രീതിയിൽ പറഞ്ഞിരിക്കുന്ന നിർണായക കാര്യങ്ങളുടെ വിശദാംശങ്ങൾ നല്കേണ്ടതിന് വെളിപ്പാടിന്റെ രണ്ടാമത്തെ ഭാഗം നമുക്ക് ആവശ്യമാണ്.